Butterfly Corridor

ശലഭത്താര

ശലഭത്താര

കേരളത്തിന്റെ വടക്കെ അറ്റം മുതൽ തെക്കെ അറ്റം വരെ സഹ്യാദ്രിയുടെ താഴ്‌വാരങ്ങളിലൂടെ ഇടമുറിയാതെ ശലഭങ്ങൾക്കായ് ഒരു വഴിത്താര സൃഷ്ടിച്ചെടുക്കുക എന്നതാണ് 'ശലഭത്താര' യുടെ ആശയം. ഈ പാതയിൽ പലയിടങ്ങളിലായി ശലഭങ്ങളുടെ ലാർവഭക്ഷണസസ്യം (ലാഭസ) ഒരുമിച്ച് നട്ടുവളർത്തി ഒരു 'ശലഭക്കാവ്' ഒരുക്കി, ഈ ശലഭങ്ങളെ സംരക്ഷിക്കുകയും ഈ കാവുകളുടെ കണ്ണി മുറിയാത്ത ഒരു ചങ്ങല സൃഷ്ടിക്കുകയുമാണ് ലക്ഷ്യം.

ഇതിനായി പ്രാഥമിക ഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത് ബുദ്ധമയൂരി, ചുട്ടിമയൂരി, പുള്ളി വാലൻ, ചുട്ടിക്കറുപ്പൻ, മലബാർ

റാവൻ, നാരകക്കാളി, നാരക ശലഭം, ഗരുഡ ശലഭം, നാട്ടുറോസ്, ചക്കര ശലഭം, നീലക്കടുവ, കരിനീലക്കടുവ, പാണലുണ്ണി എന്നീ പതിമൂന്നു ശലഭങ്ങളെയാണ്. എല്ലാ ശലഭങ്ങളുടെയും ലാഭസ ഒരുമിച്ചു വെച്ചുപിടിപ്പിക്കുക എന്നത് തന്നെയാണ് പരമമായ ലക്ഷ്യം.

എന്തുകൊണ്ട് ഈ പതിമൂന്നു ശലഭങ്ങൾ?

ബുദ്ധമയൂരി നമ്മുടെ സംസ്ഥാന ശലഭമാണ്. ഈ ശലഭം ലോകത്ത് സഹ്യാദ്രിപ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്നു. ഇതിന്റെ ലാഭസയായ മുള്ളിലം ചുട്ടിമയൂരിയുടെ ലാഭസയായ തീപ്പെട്ടിമരം (കമ്പിളി) എന്നിവ എളുപ്പത്തിൽ വെച്ചു പിടിപ്പിക്കാവുന്ന മരങ്ങളാണ്. സാമൂഹ്യ വനവൽകരണം, ശലഭോദ്യാനം, മിയാവാക്കി,

എന്നിങ്ങനെയുള്ള ഹരിതവൽക്കരണ പരിപാടികളുടെ ഭാഗമായോ അല്ലാതെയോ ഈ മരങ്ങൾ നട്ടുവളർത്താറില്ല. പാഴ്മരമായി കണക്കാക്കുന്ന ഇവ നമ്മുടെ നാട്ടിൽ അപ്ര ത്യക്ഷമായി കൊണ്ടിരിക്കുകയാണ്. നാട്ടുറോസ്, ചക്കര ശലഭം, ഗരുഡശലഭം എന്നിവയുടെ ലാഭസ ഗരുഡക്കൊടിയാണ്. (ഗരുഡപ്പച്ച, ഈശ്വരമുല്ല, ഈശ്വരമൂലി, കരളകം, ഉറിതൂക്കി, എന്നീ പേരുകളിലും അറിയുന്നു) ഈ വള്ളികളിൽ മുട്ടയിട്ടു വളരുന്ന ശലഭങ്ങളെ കാണുന്നതു പോലെ ഈ വള്ളികൾ നമ്മുടെ നാട്ടിൽ കണ്ടെത്താനാവില്ല. തുറന്ന സ്ഥലങ്ങളിൽ ഇവയ്ക്ക് ഈ പൂമ്പാറ്റപ്പൂഴുക്കളോട് മത്സരിച്ച് സ്വതന്ത്രമായി വളരാൻ കഴിയില്ല എന്നതാണ് കാരണം. ഈ ചെടി കുറ്റിക്കാടുകളിൽ മറ്റു ചെടികളുടെയും

വള്ളിപടർപ്പുകളുടെയും മറവിൽ ഒളിച്ചാണ് മുളച്ചു വളരുക. ഇങ്ങനെ വളരുന്ന ഇവയുടെ മണം പിടിച്ചു വരുന്ന ശലഭങ്ങൾക്ക് പലപ്പോഴും ഇവയുടെ ഇലകണ്ടെത്താൻ കഴി യില്ല. മറ്റു മാർഗ്ഗങ്ങളില്ലാതെ വരുമ്പോൾ ശലഭം മററിലകളിൽ മുട്ട ഉപേക്ഷിച്ചു പോകുന്നു. ഈ മുട്ടകളിൽ ഏതാനും ശലഭപ്പുഴുക്കൾ മാത്രം കരളകത്തിലെത്തുന്നു അവ ജീവചക്രം പൂർത്തിയാക്കുന്നു. കരളകം തുറന്ന സ്ഥലത്ത് ചെറിയ കമ്പുകളിലോ പന്തലുകളിലോ പടർത്തി വളർത്താൻ നമ്മൾ ശ്രമിക്കുമ്പോൾ പൂമ്പാറ്റകൾ മുട്ടകൾ എല്ലാം ചെടികളിൽ തന്നെ നിക്ഷേപിക്കുകയും അവയെല്ലാം വിരിയുകയും ദിവസങ്ങൾ കൊണ്ട് ചെടി ഇല്ലാതാവുകയും ഒരു പുഴു പോലും പൂമ്പാറ്റയാവാതെ

പോവുകയും ചെയ്യാനുള്ള സാധ്യത
കൂടുതലാണ്.
അത്കൊണ്ട് ഇലകൾ ധാരാളമുള്ള
ഒരു ചെറുമരത്തിലോ
കുറ്റിച്ചെടിയിലോ വേണം പടർത്തി
വിടാൻ. മറ്റ് ചെറു വള്ളികളും
ഇതോടൊപ്പം വളരാനനുവദിക്കുക.
ഒരിക്കൽ പിടിച്ചുകിട്ടിയാൽ
രക്ഷപ്പെട്ടോളും.
നമ്മുടെ നാട്ടിൽ കുറ്റി കാടുകളും
ഇടനാടൻ കുന്നുകളും ചെങ്കൽ
കുന്നുകളും രണ്ടു ജാതി
നീലക്കടുവകളുടെയും ആവാസ
സ്ഥലമാണ്. ഇവയുടെ ലാഭസ
അപ്പൂപ്പൻ താടി വള്ളി അഥവാ
വട്ടകാക്കകൊടി, കാക്കക്കറിവേപ്പ്
(കുറിച്ചുള്ളി) എന്നിവയാണ്. വലിയ
മരങ്ങളിൽ പടർന്നു വളരുന്ന
വള്ളികളിലാണ് ഇതിന്റെ പൂവും
കായും (അപ്പൂപ്പൻ താടി)
ഉണ്ടാവുക. മഴക്കാലത്ത് മാത്രം
വേരിൽ നിന്ന് മുളച്ചു പൊന്തുന്ന

ചെടികളായ് ഇന്നിവ മാറിയിരിക്കുന്നു. വളരാൻ അനുവദിക്കാത്തത് കൊണ്ട് പൂവും കായും ഉണ്ടാവാറില്ല അത് കൊണ്ട് തന്നെ ഇവയുടെ വിത്തുകളായ വലിയ അപ്പൂപ്പൻ താടികൾ നാട്ടിൻപുറങ്ങളിൽ ഇന്ന് അപൂർവ കാഴ്ചയാണ്. ഇതും കാലാന്തരത്തിൽ വികസന പ്രവാഹത്തിൽ നമുക്ക് നഷ്ടപ്പെടാൻ സാധ്യതയുള്ള ചെടിയാണ്; അതോടൊപ്പം അവയെ ആശ്രയിക്കുന്ന നീലകടുവകളും 'മാസ്ക്' നിശാശലഭവും ഇല്ലാതാവും.

നാട്ടിൻപുറങ്ങളിൽ ധാരാളമായി കാണുകയും ഇന്ന് വിരളമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കുറ്റിച്ചെടിയാണ് പാണൽ. പാണലിന്റെ പഴങ്ങൾ ഭക്ഷ്യയോഗ്യവുമാണ്. ഈ ചെടിയിൽ മുട്ടയിട്ട് വളരുന്ന

നാലു ശലഭങ്ങളുണ്ട്. സഹ്യാദ്രി പർവത നിരകളിലെ മറ്റൊരു സ്ഥാനീയ ശലഭമായ മലബാർ റാവൻ ഇവയിലെ സംരക്ഷണ പ്രാധാന്യമുള്ള ശലഭമാണ്. പാണലുണ്ണി എന്ന നീലി കുടുംബത്തിലെ കുഞ്ഞ് ശലഭത്തിനും മലബാർ റാവനെ പോലെ മറ്റൊരു ലാഭസ ഇല്ല. കിളിവാലൻ ശലഭങ്ങളായ നാരകക്കാളിയും നാരകശലഭവും പാണലിനെ ആശ്രയിക്കുന്ന മറ്റ് രണ്ടു ശലഭങ്ങളാണ്. കേവലം ഈ ആറു ചെടികൾ പൂർണമായോ ഭാഗികമായോ ഇല്ലാതാവുമ്പോൾ നമുക്ക് നഷ്ടമാവുന്നത് ഈ പതിമൂന്നു ശലഭങ്ങൾ ആണ്. ഇന്നത്തെ രീതിയിൽ മുന്നോട്ടു പോയാൽ ആസന്നമായ ഒരു പ്രകൃതി ദുരന്തമായിരിക്കുമത്. പ്രകൃതിയുടെ താളം തെറ്റുമ്പോൾ മനുഷ്യൻ ഒന്നും ചെയ്യാൻ

കഴിയാതെ വീട്ടിലടച്ചിരിക്കുന്ന കാലഘട്ടത്തിലെങ്കിലും നമ്മൾ വഴിമാറി ചിന്തിക്കണം. ഇതൊരു വ്യക്തിയുടെയോ അല്ലെങ്കിൽ ഒരു സംഘടനയുടെയോ സർക്കാരിന്റെയോ മാത്രം ഉത്തരവാദിത്തമല്ല. എല്ലാവരുടെയും ബാധ്യതയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സഹ്യാദ്രിയുടെ താഴ്‌വാരങ്ങളിലെ മനുഷ്യ വാസ കേന്ദ്രങ്ങളിലൂടെ ഈ ചെടികൾ സമൃദ്ധമായി വളരുന്ന; സംരക്ഷിക്കപ്പെടുന്ന ഒരു പാത, “ശലഭത്താര” സൃഷ്ടിക്കുകയാണ് പ്രാഥമിക ലക്ഷ്യം, ഇതിനായി ഒരു റൂട്ട് മാപ്പ് തയ്യാറാക്കി സ്കൂളുകൾ മറ്റ് പൊതു സ്ഥാപനങ്ങൾ പൊതു സ്ഥലങ്ങൾ എന്നിവ കണ്ടെത്തി അധികാരികളുടെ

അംഗീകാരത്തോടെ ഈ ചെടികൾ നട്ട് വളർത്തുക എന്നതാണ് ആശയം. ഇതിനായി വിവിധ സർക്കാർ വകുപ്പുകൾ താൽപ്പര്യമുള്ള സ്വകാര്യ വ്യക്തികൾ സാമൂഹ്യ സന്നദ്ധ സംഘടനകൾ എന്നിവർക്ക് സഹകരിക്കാം, പ്രവർത്തിക്കാം ഇതിനായി പണപ്പിരിവ് കൊട്ടിഘോഷങ്ങൾ എന്നിവ നടത്താതിരിക്കുക. ഫല-പ്രാപ്തിയും പ്രകൃതി സംരക്ഷണവും ആണ് നമ്മളുദ്ദേശിക്കുന്ന കർമ്മവും ലക്ഷ്യവും; അതിന് ധനവും ഘോഷവുമല്ല ആത്മാർപ്പണവും ലക്ഷ്യബോധവും ആണ് വേണ്ടത്.

ഈ പരിപാടിയുടെ തുടർഘട്ടങ്ങളിൽ-അല്ലെങ്കിൽ തുടക്കത്തിൽ തന്നെ-കൂടുതൽ ശലഭങ്ങളെയും കൂടുതൽ ലാഭസ

സസ്യങ്ങളേയും
ഉൾപ്പെടുത്താനാവും.
ഈ പ്രാഥമിക ശലഭത്താരകളിൽ നിന്ന് പടിഞ്ഞാട്ടും കിഴക്കോട്ടും പോകുന്ന ‘ശലഭവഴികളും’ നമുക്ക് സൃഷ്ടിക്കാനാവും. ഈ രീതിയിൽ ‘ശലഭക്കാവുകൾ’ വരുമ്പോൾ കേരളത്തിൽ ശലഭങ്ങൾ എല്ലായിടത്തും ചിരഞ്ജീവികളായി സംരക്ഷിക്കപ്പെടും.. ഇത്തരം ശലഭക്കാവുകൾ മറ്റനേകം സസ്യ ജന്തുജാലങ്ങൾക്കും സംരക്ഷണമേകും. ‘‘വളരെ സുന്ദരമായ സ്വപ്നം തന്നെ’’ എന്ന പരിഹാസമാവാം; പക്ഷെ നടക്കാത്ത സ്വപ്നമാണോ? ആണെങ്കിൽ, നമ്മൾ സ്വയം ലജ്ജിക്കുക.
ശലഭക്കാവുകളും ശലഭോദ്യാനവും തമ്മിലുള്ള ആശയപരമായ

വ്യത്യാസം പറയാം. ശലഭോദ്യാനം എന്നു പറയുമ്പോൾ നമ്മുടെ മനസിലെത്തുക നിറയെ പൂക്കളുള്ള ഒരു ഉദ്യാനമാണ് (മിക്കയിടത്തും ചില ലാഭസയും ഉണ്ട്) പ്രാഥമികമായി ഇവയുടെ ലക്ഷ്യം ശലഭങ്ങളെ ആകർഷിക്കുക എന്നത് തന്നെയാണ്. ഇവ ഒരു തരം മധുശാലകളാണ്. തേൻ നുകരുക എന്നത് അനിവാര്യമായ ഒരു പ്രവർത്തിയല്ല പല ശലഭങ്ങൾക്കും. പ്യൂപ്പയിൽ നിന്ന് പുറത്തിറങ്ങിയാൽ ആണിന് പെണ്ണിനെ കണ്ടെത്താനും പെണ്ണിന് ലാഭസ കണ്ടെത്താനും ആണ് ഊർജവും അതിനായി ചിലപ്പോൾ തേൻ നുകരലും ആവശ്യമാവുന്നത്. മിക്കപ്പോഴും ഇതിനാവശ്യമായ ഊർജത്തിനുള്ള കൊഴുപ്പ് ഇവയുടെ ശരീരത്തിലുണ്ടാവും. പല ശലഭങ്ങളെയും പൂക്കളിൽ കാണാൻ പ്രയാസമാണ് അവ മറ്റ്

സ്രോതസ്സുളെ ആശ്രയിക്കുകയോ
അല്ലെങ്കിൽ ഒരിക്കലും ഇത്തരം
ആഗിരണങ്ങൾക്കു മുതിരാറോ
ഇല്ല എന്നതാണ് കാരണം. നല്ല
വെയിലത്ത് തേൻ നുകർന്നു
നടക്കുന്ന ഈ 'മധുപാനി'കൾ
ചിലപ്പോഴെങ്കിലും ജന്മവാസനകൾ
മറന്ന് അവിടെ തന്നെ
ചുറ്റികറങ്ങുകയാണ് പതിവ്. അത്
കൊണ്ട് തന്നെ ശലഭോദ്യാനങ്ങളിൽ
പൂച്ചെടികളോടൊപ്പം അവിടെ
വരുന്ന എല്ലാ ശലഭങ്ങളുടെയും
ലാഭസ നട്ട് വളർത്തേണ്ടത്
അനിവാര്യമാണ്. എന്നാൽ
ശലഭത്താരയിൽ ലാഭസയ്ക്കാണ്
പ്രാധാന്യം തേനിനുള്ള പൂച്ചെടികൾ
പരിസരങ്ങളിലുള്ളത് തന്നെ
മതിയാകും. ഈ മഹത്
സംരംഭത്തിൽ പങ്കാളികളാവുക.
പ്രതീക്ഷയോടെ, സ്നേഹത്തോടെ
ബാലകൃഷ്ണൻ വളപ്പിൽ
23 ഓഗസ്റ്റ് 2021

‘ശലഭത്താര’ യുടെ ആശയ വിപുലീകരണത്തിനും അതിന്റെ പ്രചാരണത്തിനും പ്രയോഗ-വത്കരണത്തിനുമായി രൂപീകരിച്ച പ്രാഥമിക സമിതി.

1. കെ വി ഉത്തമൻ IFS (രക്ഷാധികാരി)
2. ഡോ: ജാഫർ മുഹമ്മദ് പാലോട്
3. വി സി ബാലകൃഷ്ണൻ (94 4603 5149)
4. സുരേഷ് ഇളമൺ
5. ഹാമിദലി വാഴക്കാട് (ശലഭത്താര കൂട്ടായ്മ നേതൃത്വം) (94 9636 3308)
6. ബാലകൃഷ്ണൻ വളപ്പിൽ (94 4658 7033)
7. വി കെ ചന്ദ്രശേഖരൻ (70 1246 2854)
8. ഗിരീഷ് മോഹൻ. പി കെ (94 4785 2007)

കൂടുതൽ വിവരങ്ങളും പ്രവർത്തനങ്ങളുടെ ഏകോപനവും Facebook, WhatsApp കൂട്ടായ്മകളിലൂടെ സാധ്യമാക്കുന്നതായിരിക്കും.

ശലഭത്താരയുടെ പ്രാഥമികഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ശലഭങ്ങൾ

1. Paris Peacock ചുട്ടിമയൂരി
Papilio paris Linnaeus, 1758
2. Malabar Banded Peacock ബുദ്ധമയൂരി
Papilio buddha Westwood, 1872
3. Common Rose നാട്ടുറോസ്
Pachliopta aristolochiae (Fabricius, 1775)
4. Crimson Rose ചക്കരശലഭം
Pachliopta hector (Linnaeus, 1758)
5. Southern Birdwing ഗരുഡശലഭം
Troides minos (Cramer, [1779])
6. Malabar Raven മലബാർറാവൻ
Papilio dravidarum Wood-Mason, 1880
7. Common Mormon നാരകക്കാളി
Papilio polytes Linnaeus, 1758
8. Lime Butterfly നാരകശലഭം
Papilio demoleus Linnaeus, 1758
9. Red Helen ചുട്ടിക്കറുപ്പൻ
Papilio helenus Linnaeus, 1758
10. Malabar Banded Swallowtail പുള്ളിവാലൻ
Papilio liomedon Moore, [1875]
11. Blue Tiger നീലക്കടുവ
Tirumala limniace (Cramer, [1775])
12. Dark Blue Tiger കരിനീലക്കടുവ
Tirumala septentrionis (Butler, 1874)
13. Quaker പാണലുണ്ണി
Neopithecops zalmora (Butler, [1870])

ശലഭത്താരയുടെ പ്രാഥമികഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലാർവ ഭക്ഷണ സസ്യങ്ങളും (ലാഭസ) അവയിലുള്ള ശലഭങ്ങളും

1. മുള്ളിലം
Zanthoxylum rhetsa (Rutaceae)
ബുദ്ധമയൂരി, നാരകക്കാളി, ചുട്ടിക്കറുപ്പൻ

2. കമ്പിളിമരം
Melicope lunu-ankenda (Rutaceae)
ചുട്ടിമയൂരി, പുള്ളിവാലൻ

3. പാണൽ
Glycosmis pentaphylla (Rutaceae)
മലബാർറാവൻ, നാരകശലഭം, നാരകക്കാളി, പാണലുണ്ണി

4. ഗരുഡക്കൊടി
Aristolochia indica (Aristolochiaceae)
നാട്ടുറോസ്, ചക്കരശലഭം, ഗരുഡശലഭം

5. കാക്കക്കറിവേപ്പ്/കുറിച്ചുള്ളി
Cosmostigma cordatum (Apocynaceae)
കരിനീലക്കടുവ

6. വട്ടക്കാക്കകൊടി
Wattakaka volubilis (Apocynaceae)
നീലക്കടുവ

Paris Peacock

ചുട്ടിമയൂരി

Papilio paris Linnaeus, 1758

Malabar Banded Peacock
ബുദ്ധമയൂരി
Papilio buddha Westwood, 1872

WG

State Butterfly



WPAII

Common Rose
നാട്ടുറോസ്
Pachliopta aristolochiae (Fabricius, 1775)

Crimson Rose

ചക്കരശലഭം

Pachliopta hector (Linnaeus, 1758)

WPA I

Southern Birdwing

ഗരുഡശലഭം

Troides minos (Cramer, [1779])

Our
Largest

Malabar Raven

മലബാർറാവൻ

Papilio dravidarum Wood-Mason, 1880



WG

Common Mormon
നാരകക്കാളി
Papilio polytes Linnaeus, 1758



Lime Butterfly

നാരകശലഭം

Papilio demoleus Linnaeus, 1758

Red Helen

ചുട്ടിക്കറുപ്പൻ

Papilio helenus Linnaeus, 1758



Malabar Banded Swallowtail
പുള്ളിവാലൻ
Papilio liomedon Moore, [1875]

WPA I

WG

Blue Tiger
നീലക്കടുവ
Tirumala limniace (Cramer, [1775])

Dark Blue Tiger
കരിനീലക്കടുവ
Tirumala septentrionis (Butler, 1874)

Quaker
പാണലുണ്ണി
Neopithecops zalmora (Butler, [1870])

Indian prickly ash
മുള്ളിലം
Zanthoxylum rhetsa (Rutaceae)

കമ്പിളിമരം

Melicope lunu-ankenda (Rutaceae)

പാണൽ

Glycosmis pentaphylla (Rutaceae)

ഗരുഡക്കൊടി

Aristolochia indica (Aristolochiaceae)

കാക്ക കറിവേപ്പ്/കുറിച്ചുള്ളി

Cosmostigma cordatum (Apocynaceae)



കരിനീലക്കടുവ

വട്ടകാക്കകൊടി

Wattakaka volubilis (Apocynaceae)

നീലക്കടുവ

index

World distribution

WG

Western Ghats endemic

WPA

Wildlife Protection Act Schedule category

Salabhathaara V.01

Photographs by
Balakrishnan VC & Balakrishnan Valappil

Designed and compiled by Balakrishnan Valappil

This Booklet is free to use and distribute as a softcopy or printed copy free of cost; without modifying the content

© Balakrishnan Valappil

ശലഭത്താര

Butterfly Corridor

ശലഭങ്ങൾക്ക് വേണ്ടി